കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമ പഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ പുതുനഗരം ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്കുമായ ശ്രീമതി. അജിത. എ സമർപ്പിച്ച OA(EKM) 1592/2016 നമ്പർ അപേക്ഷയിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 21.10.2016 ന് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.511/2017/തസ്വഭവ തീയതി, തിരുവനന്തപുരം.22.02.2017**

---

പരാമർശം: 1. 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2. ശ്രീമതി. അജിത.എ സമർപ്പിച്ച OA(EKM)1562/16 നമ്പർ അപേക്ഷയിന്മേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.10.2016 ലെ ഉത്തരവ്.

3. ശ്രീമതി. അജിത.എ യുടെ 04.11.2016 ലെ അപേക്ഷ

4. സ.ഉ (സാധാ)നമ്പർ 2001/16/തസ്വഭവ തീയതി 27.06.2016

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമ പഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ പുതുനഗരം ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്കുമായ ശ്രീമതി. അജിത. എ സമർപ്പിച്ച OA(EKM) 1592/2016 നമ്പർ അപേക്ഷയിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം ഒന്നാം എതിർ കക്ഷി (തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി) അനക്സർ A9 നിവേദനം പരിശോധിച്ച്, അപേക്ഷകനെ നേരിൽ കേട്ട് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. അജിത. എ യ്ക്ക് 01.07.2013 മുതൽ 18.08.2015 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ അല്ലാതെ ശൂന്യവേതനാവധിയായി ക്രമവല്ക്കരിച്ചത് പുന:പരിശോധിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമവല്ക്കരിക്കണമെന്നാണ് അനക്സർ A9 നിവേദനം മുഖാന്തിരം അഭ്യർത്ഥിച്ചത്.

3. ശ്രീമതി. അജിത. എ യ്ക്ക് പരാമർശം (4) ഉത്തരവ് പ്രകാരം 01.07.2013 മുതൽ 18.08.2015 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ അല്ലാതെ ശൂന്യവേതനാവധിയായി ക്രമവല്ക്കരിച്ച് ഉത്തരവായിരുന്നു. ശ്രീമതി. അജിത. എ സമർപ്പിച്ച അവധിയപേക്ഷയോടൊപ്പം സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം

നഷ്ടപ്പെടുത്തിയതിനാൽ ടിയാളുടെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ അല്ലാതെ ശൂന്യവേതനാ വധിയായി ക്രമവല്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു.

4. ശ്രീമതി. അജിത. എ യെ 23.02.2016-ൽ നേരിൽ കേൾക്കുകയുണ്ടായി. അവധിയപേക്ഷകൾ യഥാസമയം നിയന്ത്രണാധികാരി മുൻപാകെ സമർപ്പിച്ചിട്ടുള്ളതായും രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുത്തിയത് ടിയാളുടെ ഭാഗത്തുള്ള പിഴവ് മൂലമല്ലെന്നും ആയതിനാൽ ശൂന്യവേതനാവധി മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടി ക്രമവല്ക്കരിക്കണമെന്നും അപേക്ഷക നേർ വിചാരണ സമയത്ത് അറിയിയ്ക്കുകയുണ്ടായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമ പഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ പുതുനഗരം ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്കുമായ ശ്രീമതി. അജിത. എ യുടെ 01.07.2013 മുതൽ 18.08.2015 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുത്തിയതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി കണക്കാക്കണമെന്ന പരാതിക്കാരിയുടെ അനക്സർ A9 പ്രകാരം ഉന്നയിച്ച ആവശ്യം നിരസിയ്ക്കുന്നു.

6. പരാമർശം (1) പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.10.2016 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**ഗവ.ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി. അജിത.എ , ഹെഡ് ക്ലാർക്ക്, പുതുനഗരം ഗ്രാമപഞ്ചായത്ത്, പാലക്കാട്
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ധനവകുപ്പ് ( 08.02.2017 ലെ 392257/റൂൾസ്-ബി2/17/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (EPA1/218/16/LSGD നമ്പർ ഫയൽ)

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ